**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2952** **13-10-2021 - ൽ മറുപടിയ്ക്ക്**

**പരമ്പരാഗത മത്സ്യബന്ധന രീതി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത മത്സ്യബന്ധന രീതി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ? | (എ) | കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി (2017-18) 120 ഗ്രൂപ്പുകൾക്ക് 8 ലക്ഷം രൂപ വീതം ചെലവ് വരുന്ന FRP യൂണിറ്റ് സൗജന്യമായി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. കൂടാതെ Replacement of marine Playwood canoe with FRP എന്ന ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ (2018-19) ഉൾപ്പെടുത്തി 40% സബ്സിഡിയിൽ 200 FRP യാനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കി വരുന്നു. 4.12 കോടി രൂപയാണ് പദ്ധതി തുക. 2021-22 സാമ്പത്തിക വർഷത്തെ Motorization of country crafts - 'Suitable components for fishing gear' പദ്ധതിയിലുൾപ്പെടുത്തി 10 HP വരെ എഞ്ചിൻ ക്ഷമതയുള്ള യാനങ്ങൾക്ക് വല വാങ്ങുന്നതിന് സബ്സിഡി നൽകി വരുന്നു. 10,000/- രൂപ വരെയാണ് പരമാവധി സബ്സിഡി തുക. കൂടാതെ, 10 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കൂടാതെ, മത്സ്യം ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിക്കാൻ ഉതകുന്ന വിധം 220 ഇൻസുലേറ്റഡ് ഐസ് ബോക്സ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കടൽ സുരക്ഷാ ഉപകരണങ്ങളായ GPS, DAT എന്നിവയും, 75% സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40% സബ്സിഡിയോടു കൂടി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ 10 പേർ |

| | | | |
|---|---|---|---|
| | | | അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്കു നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ